നെൽ കൃഷി ചെയ്യാവുന്ന നെൽ വയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽ വയലുകളുടെ നിലങ്ങളുടെ ഉടമകൾക്കാണ് (owners of cultivable paddy land) ഹെക്ടറിന് ഓരോ സാമ്പത്തിക വർഷവും 2000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നത്. നിലവിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ ഉടമകൾ റോയൽറ്റിക്ക് അർഹരാണ്. നെൽവയലുകളിൽ വിള പരിക്രമത്തിന്റെ ഭാഗമായി പയറുവര്ഗ്ഗങ്ങൾ, പച്ചക്കറികൾ, എള്ള്, നിലക്കടല തുടങ്ങിയ നെൽവയലുകളുടെ അടിസ്ഥാന സ്വഭാവ വ്യതിയാനം വരുത്താത്ത ഹ്രസ്വകാലവിളകൾ കൃഷി ചെയ്യുന്ന നിലമുടമകൾക്കും റോയൽറ്റിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. നെൽവയലുകൾ തരിശായിട്ടിരിക്കുന്ന ഭൂവുടമകൾ, പ്രസ്തുത ഭൂമി നെൽകൃഷിക്കായി സ്വന്തമായോ, മറ്റ് കർഷകർ , ഏജൻസികൾ മുഖേനയോ ഉപയോഗപ്പെടുത്തുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഭൂമി തുടർന്നും മൂന്നു വർഷം തുടർച്ചയായി തരിശ്ശായി കിടന്നാൽ, പിന്നീട് റോയൽറ്റിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. അതിനുശേഷം വീണ്ടും കൃഷി ആരംഭിക്കുന്ന മുറയ്ക്ക് റോയൽറ്റിക്ക് അർഹതയുണ്ടാവുന്നതായിരിക്കും

റോയൽറ്റിക്കായുള്ള അപേക്ഷകൾ www.aims.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൃഷിക്കാർക്ക് വ്യക്തിഗത ലോഗിൻ ഉപയോഗിച്ച് സ്വന്തമായോ അക്ഷയ കേന്ദ്രം വഴിയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കർഷകർ അപേക്ഷയോടൊപ്പം ഇനിപ്പറയുന്ന രേഖകളും അപ്‌ലോഡ് ചെയ്യണം:

1. നടപ്പ് സാമ്പത്തിക വർഷത്തിലെ കരമടച്ച രസീത് / കൈവശാവകാശ സർട്ടിഫിക്കറ്റ് (**maximum size 2 MB**)

2. ആധാർ അല്ലെങ്കിൽ വോട്ടർ ഐഡി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ് മുതലായ മറ്റേതെങ്കിലും തിരിച്ചറിയൽ രേഖ (**maximum size 2 MB**)
3. ബാങ്കിൻറെയും ശാഖയുടെയും പേര്, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ് മുതലായവ വ്യക്തമാക്കുന്ന ബാങ്ക് പാസ്സ്ബുക്കിന്റെ പ്രസക്തമായ പേജ് / റദ്ദാക്കിയ ചെക്ക് ലീഫ് (**maximum size 2 MB**)